"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - ടിഡ - ചാല വാണിജ്യ സമുച്ചയ നിർമ്മാണം - ഫയർ ഫൈറ്റിംഗ് പ്രവർത്തികൾ ചെയ്തയിനത്തിൽ കരാറുകാരായ M/s Powertech Systems-ന് നൽകേണ്ട തുക നടപ്പ് സാമ്പത്തിക വർഷം "2217-05-191-36-35(PV)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1981/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2484/2023/തസ്വഭവ തീയതി 13.12.2023

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.06.2024 തീയതിയിലെ LSGD/PD/9629/2024-DPLC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരായ M/s Powertech systems എന്ന സ്ഥാപനത്തിന് ഫയർ ഫൈറ്റിംഗ് പ്രവർത്തികൾ ചെയ്ത ഇനത്തിൽ ശേഷിക്കുന്ന ആകെ തുകയായ 11,04,599/-രൂപ (പതിനൊന്നു ലക്ഷത്തി നാലായിരത്തിഅഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്പതുരൂപ മാത്രം) 2023-24 സാമ്പത്തിക വർഷം 2217-05-19-36-35 (PV) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനും പ്രസ്തുത തുക ടിഡാ സെക്രട്ടറിയുടെ പേരിലുള്ള PSTSB അക്കൗണ്ട് നമ്പർ 799012700001484-ൽ ലഭ്യമാക്കുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയും സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

2) സൂചന (1) ഉത്തരവിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായ തുക ട്രഷറി നിയന്ത്രണം കാരണം ടിഡയ്ക്ക് അനുവദിക്കാൻ സാധിക്കാത്തതിനാലും സൂചന (1) ഉത്തരവിലെ സാമ്പത്തിക വർഷം കഴിഞ്ഞു പോയതിനാലും 2024-25 വർഷത്തെ പദ്ധതിയിൽ ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം എന്ന പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടാത്തതിനാലും ടിഡയ്ക്ക് തുക അനുവദിക്കുന്നതിന് പുതുക്കിയ ഉത്തരവ് ലഭ്യമാക്കണമെന്ന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, ചാല വാണിജ്യ സമുച്ചയവുമായി ബന്ധപ്പെട്ട ഫയർ ഫൈറ്റിംഗ് പ്രവർത്തികൾ ചെയ്ത ഇനത്തിൽ കരാറുകാരായ M/s Powertech Systems-ന് നൽകേണ്ട ആകെ തുകയായ 11,04,599/-രൂപ (പതിനൊന്നു ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം "2217-05-191-36-35(PV)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിനും ടി തുക ടിഡാ

സെക്രട്ടറിയുടെ പേരിലുള്ള PSTSB അക്കൗണ്ട് നമ്പർ 799012700001484-ലേക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ ട്രഷറി ഓഫിസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് WCD-3/185/2023-ധന(2529126), dtd 07/10/2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/173/2020-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 21-10-2024 10:11:59